15/2014
30-01-2014

# ഇടയലേഖനം-128

ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ നൂതന റിപ്പോർട്ട് പ്രകാരം കേരളത്തിലാണ് ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്നത്. രാജ്യശരാശരിയുടെ ഇരട്ടിയോളമാണ് സംസ്ഥാനത്ത് കുറ്റകൃത്യത്തിന്റെ നിരക്കെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. വികസനം, സാക്ഷരത തുടങ്ങിയ പല കാര്യങ്ങളിലും മുന്നിൽ നിൽക്കുന്ന കേരളത്തിനാണ് ഈ ദുഃസ്ഥിതി കൈവന്നിരിക്കുന്നത്. റിപ്പോർട്ട് പ്രകാരം കേരളീയരായ നമുക്ക് അപമാനകരമായ ഒരു ഒന്നാം സ്ഥാനം കൂടി ലഭിച്ചിരിക്കുകയാണ്. ഇതുപോലെയുള്ള വേറേയും ചില ഒന്നാം സ്ഥാനങ്ങൾ നമുക്ക് കിട്ടിക്കഴിഞ്ഞു. അക്കൂട്ടത്തിൽപ്പെടുന്നതും പല കുറ്റകൃത്യങ്ങൾക്കും കാരണമായി ഭവിക്കുന്നതുമായ ദുഃശീലമാണ് മദ്യപാനം. ഇന്ത്യയിലെ ജനങ്ങളിൽ 2.62 ശതമാനം മാത്രമാണ് കേരളത്തിലുള്ളത്. അവർ കുടിച്ചു തീർക്കുന്നതാകട്ടെ ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന മദ്യത്തിന്റെ 15 ശതമാനവും. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് മലയാളികൾ കുടിക്കുന്നത്. ഇന്ത്യയിൽ ഏറ്റവും അധികം മദ്യം ഉപയോഗിക്കുന്ന സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു.

കൊലപാതകം, അതിക്രമം, ഭവനഭേദനം, മോഷണം, മാനഭംഗം തുടങ്ങിയ കുറ്റകൃത്യങ്ങൾ ഏറ്റവും കൂടുതൽ സംഭവിക്കുന്നത് മദ്യലഹരിയിലാണെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. വാഹനാപകടങ്ങൾ താരതമ്യേന കൂടുതൽ നടക്കുന്നതും കേരളത്തിലാണ്. അപകടങ്ങ

ളിൽ 40 ശതമാനവും മദ്യപിച്ചുള്ള ഡ്രൈവിംഗ് മൂലമാണ് സംഭവിക്കുന്നത്. മദ്യപിച്ചവർ മദ്യപിക്കാത്തവരെക്കാൾ നാല് മടങ്ങ് അപകടങ്ങളാണ് ഉണ്ടാകുന്നത് എന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. ഇന്ത്യയിൽ ആത്മഹത്യ ചെയ്യുന്നവരിൽ 10 ശതമാനംപേരും കേരളീയരാണ്. അവരിൽ വലിയൊരു ശതമാനംപേർ മദ്യപന്മാരാണ്.

2009 ഡിസംബർ 20-ാം കൊച്ചിയിൽവച്ച് നടന്ന വനിതാ അഭിഭാഷകരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഇന്ത്യയുടെ അന്നത്തെ പ്രസിഡണ്ട് ശ്രീമതി പ്രതിഭാ പാട്ടീൽ പറഞ്ഞത് ഇപ്രകാരമാണ്, "കേരളത്തിൽ സ്ത്രീകൾ 51 ശതമാനമാണ്, സാക്ഷരത 81 ശതമാനവും. ഏറ്റവും കൂടുതൽ മദ്യപാനികൾ ഉള്ളതും ഇവിടെ തന്നെ. അതിന്റെ വേദനകൾ കൂടുതൽ അനുഭവിക്കുന്നത് സ്ത്രീകൾ തന്നെ." മദ്യപാനികൾ കുടിക്കുന്നത് ഭാര്യമാരുടെയും മക്കളുടെ കണ്ണുനീരാണ് എന്ന് പറയുന്നത് എത്രയോ സത്യമാണ്.

മുമ്പൊക്കെ ഭൂരിപക്ഷം വീടുകളിലും മദ്യത്തിന് പ്രവേശനമില്ലായിരുന്നു. എന്നാൽ ആ സ്ഥിതിക്ക് ഇപ്പോൾ മാറ്റം വന്നുകഴിഞ്ഞു. പല കുടുംബങ്ങളിലും മദ്യത്തിന് അന്തസ്സും സ്വീകാര്യതയും ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ ലാഘവസമീപനം ഏറ്റം ദോഷകരമായി ബാധിക്കുന്നത് ഇളം തലമുറയെയാണ്. 1980 ൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 18 വയസ്സായിരുന്നു. ഇപ്പോൾ അത് 12-13 വയസ്സിലെത്തി നിൽക്കുന്നു. സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന കുട്ടികളുടെ ഇടയിൽ പ്രചാരത്തിലായിക്കൊണ്ടിരിക്കുന്ന കഞ്ചാവ്, മയക്കുമരുന്നുകൾ തുടങ്ങിയവയുടെ ഉപയോഗത്തെപ്പറ്റി പുറത്തുവരുന്ന വാർത്തകൾ നമ്മെ ഉത്കണ്ഠാകുലരാക്കുന്നതാണ്. കൊച്ചുകുട്ടികളിൽ പോലും മദ്യത്തോടും മയക്കുമരുന്നുകളോടുമുള്ള താല്പ്പര്യം വളരുന്നുണ്ടെങ്കിൽ അത് വലിയൊരു ദുരന്തത്തിന്റെ നാന്ദിയാണ്. കുട്ടികൾക്ക് കഞ്ചാവും മയക്കുമരുന്നുകളും വിതരണം ചെയ്യുന്ന മാഫിയകൾ പല സ്ഥലത്തും സജീവമാണ്. ആയതിനാൽ കുട്ടിക്കളുടെ കാര്യത്തിൽ മാതാപിതാക്കളും അധ്യാപകരും കൂടുതൽ ശ്രദ്ധപുലർത്തണം. കുട്ടികളെ കുറ്റവാളികളാക്കുന്നതിന്റെ പിന്നിൽ മദ്യത്തിനും മയക്കുമരുന്നിനും വലിയ പങ്കാണുള്ളത്. യുവജനങ്ങളുടെയിടയിൽ 60 ശതമാനം പേർ ഏതെങ്കിലും ലഹരിപദാർത്ഥം ഉപയോഗിച്ചിട്ടുള്ളവരാണ്. കേരള

ത്തിലെ മദ്യപരിൽ ഏറ്റവും കൂടുതൽ 20 നും 40 നും മദ്ധ്യേപ്രായമുള്ളവരാണ്. ഇവരാണ് ഏറ്റവും കൂടുതൽ ആത്മഹത്യചെയ്യുന്നതും.

2013 ജൂലായ് 22 തിങ്കളാഴ്ചയിലെ മനോരമ പത്രത്തിൽ "നല്ല പാഠം" ഫോൺ കൗൺസിലിംങ്ങ് പരിപാടിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ കുട്ടികൾ ഭയക്കുന്ന പത്ത് കാര്യങ്ങളിൽ ഒന്നാമത്തേത് അവരുടെ അച്ഛന്റെ മദ്യപാനവും രണ്ടാമത്തേത്, അച്ഛനും അമ്മയും തമ്മിലുള്ള വഴക്കുമാണ്. കുടുംബഭദ്രത തകരുമ്പോൾ മക്കളുടെ ഭാവിയും ഇരുളടഞ്ഞതാകുന്നു. അത്തരം തകർച്ചയുടെ വക്കിലാണ് കേരളം. ആത്മീയതയുടേയും ധാർമ്മികതയുടേയും സനാതനമൂല്യങ്ങളുടേയും പാവനമായ ബന്ധങ്ങളുടേയും വിളനിലങ്ങളിൽ വരൾച്ച ബാധിച്ചു കഴിഞ്ഞു. ഈ ദുരന്തത്തിൽ നിന്ന് കരകയറാനുള്ള നടപടികൾ നാം സ്വീകരിച്ചില്ലെങ്കിൽ നമ്മൾ കുടിച്ചു മുടിയും. സ്വയം തിരുത്താനും മറ്റുള്ളവരെ തിരുത്തി, ചികിത്സിച്ചു നന്മയിലേയ്ക്കു തിരികെ കൊണ്ടുവരാനും ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ ദൈവത്തിന്റെ സ്വന്തം നാടെന്ന് സ്വദേശത്തും വിദേശത്തും വിളിപ്പേരുള്ള കേരളത്തിന് ലഭിക്കാൻ പോകുന്നത് അപമാനകരമായ മറ്റൊരു പേരായിരിക്കും. "മദ്യപിച്ച് മരിക്കുന്ന കേരളം" എന്നതായിരുന്നു ഒരു ദിനപത്രത്തിന്റെ സൺഡേ സപ്ലിമെന്റിൽ രണ്ട്മാസംമുമ്പ് പ്രത്യക്ഷപ്പെട്ട ലേഖനത്തിന്റെ തലക്കെട്ട്.

നാടുമുടിഞ്ഞാലും സമൂഹം നശിച്ചാലും ആത്മഹത്യകൾ പെരുകിയാലും പണം മാത്രം മതി എന്ന നിലപാട് ഒരു ജനാധിപത്യ സർക്കാരിനും ഭൂഷണമല്ല. ലഹരിയുടെ അടിമത്വത്തിൽ നമ്മുടെ നാട്ടിൽ തകർക്കപ്പെടുന്ന ജീവിതങ്ങൾക്ക്, സ്ത്രീജനങ്ങളുടെ അഭിമാനത്തിന്, തകർന്നടിയുന്ന ധാർമ്മികതയ്ക്ക്, മൂല്യങ്ങൾക്ക്, തെരുവിൽ പിടഞ്ഞ് പൊലിയുന്ന ചെറുപ്പക്കാരുടെ ജീവനുകൾക്ക്, ലഹരി തകർക്കുന്ന കൗമാരങ്ങൾക്ക്, ശാപഗ്രസ്ഥമാകുന്ന തലമുറകൾക്ക് എങ്ങനെ വില കല്പിക്കാൻ സാധിക്കും? മദ്യത്തിൽ നിന്നുള്ള വരുമാനത്തെക്കാൾ ഏറെ തുക അതുവഴി ഉണ്ടാകുന്ന കെടുതികൾ നേരിടാൻ സർക്കാരിന് ചിലവാക്കേണ്ടിയും വരുന്നുണ്ടെന്ന സത്യം വിസ്മരിക്കരുത്.

മദ്യവിൽപ്പനയിൽ നിന്ന് വരുമാനം ഉണ്ടാക്കുന്ന ഗവൺമെന്റ് തന്നെ മദ്യം വിതയ്ക്കുന്ന വിപത്തിന്റെ തീവ്രത മനസ്സിലാക്കി കുട്ടികളേയും

യുവാക്കളേയും മുതിർന്നവരേയും മദ്യത്തിനെതിരെ ബോധവത്ക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ലഹരിയുടെ ഉപയോഗം മാത്രമല്ല, ലഹരിയുമായി ബന്ധപ്പെട്ട എല്ലാ തൊഴിലുകളും മഹാതിന്മകളാണെന്ന അവബോധം ജനങ്ങൾക്കുണ്ടാകണം. ശരിയായി ബോധവത്ക്കരണം നടത്തിയതുകൊണ്ടുമാത്രമായില്ല, മദ്യത്തിന്റെ അനിയന്ത്രിതമായ ലഭ്യത കർശനമായി തടയുക കൂടി ചെയ്താലേ മദ്യവിപത്തിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കാനുള്ള പരിശ്രമങ്ങൾ ഫലമണിയൂ. അല്ലാതെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ കേവലം പാഴ്വേലയായേ ഭവിക്കൂ.

മദ്യപാനം ഒരു രോഗമാണ്. അത് ചികിത്സയും കൗൺസിലിംഗുംവഴി സുഖപ്പെടുത്താനാകും. നാളുകൾകൊണ്ടുണ്ടായ രോഗം നാളുകൾകൊണ്ട് മാത്രമെ സുഖമാകൂ. ഇവിടെ വ്യക്തിയും കുടുംബവും, സമൂഹവും, ഡോക്ടറും ഒത്തൊരുമിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമെ ഫലം ഉണ്ടാവുകയുള്ളൂ. മദ്യാസക്തി പാപം തന്നെയാണ് (ഗലാ. 5:21). കാരണം, അത് വ്യക്തികളുടെയും കുടുംബങ്ങളുടെയും നാശത്തിന് കാരണമാകുന്നു. മദ്യപാനം തിന്മയാണെങ്കിലും മദ്യപന്മാരായ വ്യക്തികൾ പൊതുവെ നല്ലവരാണ്. ബലഹീനതയുള്ള വ്യക്തികളാണ് അവർ. വ്യത്യസ്ഥ കാരണങ്ങളും സാഹചര്യങ്ങളുംമൂലം മദ്യപാനികളായി തീർന്നവരാണ് അവർ. അവർ നമ്മുടെ സ്നേഹവും, സഹാനുഭൂതിയും അർഹിക്കുന്നവരാണ്. അവർക്ക് അവ സൗഖ്യദായകമാണ്. സ്നേഹവും സഹാനുഭൂതിയുമാണ് ഏറ്റം പ്രധാനപ്പെട്ട ഔഷധം. ചികിത്സ വേഗത്തിൽ ഫലിക്കുവാൻ അവ സഹായകവുമാണ്.

നമ്മുടെ രൂപതയിൽ മദ്യവിരുദ്ധപ്രവർത്തനങ്ങൾ സജീവമായി നടന്നുകൊണ്ടിരിക്കുന്നു. രൂപത, ഇടവക മദ്യവിരുദ്ധ സമിതികളുടെ ആഭിമുഖ്യത്തിൽ മദ്യാസക്തി കുറയ്ക്കുവാൻ വേണ്ട ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതോടൊപ്പം മദ്യത്തിനും മയക്കു മരുന്നുകൾക്കും അടിമകളായവരെ മോചിപ്പിക്കുന്നതിന് ലഭ്യമായ ചികിത്സാസൗകര്യങ്ങൾ പ്രയോജനപ്പെടുത്തുകയും വേണം. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ കേരളത്തിലെ മിക്ക ഫൊറോന കേന്ദ്രങ്ങളും ബന്ധിപ്പിച്ച് കഴിഞ്ഞ വർഷം ആഗസ്റ്റ് മാസത്തിൽ കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി നടത്തിയ ലഹരി വിമോചന കേരളയാത്രയ്ക്ക് നമ്മുടെ രൂപതയിലെ വിവിധ കേന്ദ്രങ്ങളിൽ നല്കപ്പെട്ട സ്വീക

രണം പ്രശംസാർഹമായിരുന്നു. വളരെയേറെ വ്യക്തികളിലേക്ക് ലഹരി വിരുദ്ധ സന്ദേശം എത്തിക്കുവാൻ ആ യാത്ര ഉപകരിച്ചു. അതിൽ സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച് മദ്യവിരുദ്ധ സമിതിക്ക് നന്ദി പറയുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. രൂപതാ റൂബി ജൂബിലി വർഷത്തിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ എല്ലാ ഇടവകക ളിലും ആരംഭിക്കുകയും ഉള്ളവ കാര്യക്ഷമമാക്കുകയും ചെയ്യണം. ഈ വലിയ തിന്മയ്ക്കെതിരെ തീക്ഷ്ണതയോടെ പ്രവർത്തിക്കുന്നവ രെയും അവരുടെ കുടുംബങ്ങളെയും കർത്താവ് അനുഗ്രഹിക്കും.

നമ്മുടെ കുടുംബങ്ങളിൽ വളരെ പേർ ഇന്നും മദ്യത്തിനടിമകളാ ണ്. ക്രിസ്തുമസ്, ഈസ്റ്റർ ദിവസങ്ങളിലും മറ്റു തിരുനാളവസരങ്ങ ളിലും, മാമ്മോദീസ, ആദ്യകുർബാന, വിവാഹം എന്നീ പുണ്യദിന ങ്ങളിലും ഭവനങ്ങളിൽ മദ്യം വിളമ്പരുത്. കുഞ്ഞുങ്ങൾക്ക് ആത്മീയ ആഹ്ലാദവും വിശ്വാസ പരിശീലനവും നൽകുവാൻ ഉപകരിക്കേണ്ട അവസരങ്ങളിൽ സ്വാർത്ഥത്തിനും സുഹൃദ്വലയങ്ങളുടെ നിലനി ല്പിനും തൻകാര്യ ലാഭത്തിനും വേണ്ടി മദ്യം ഉപയോഗിക്കുന്നവർ തങ്ങളുടെ മക്കളെ സ്നേഹിക്കുന്നതിനു പകരം അവരുടെ നാശത്തിന് വിത്ത് പാകുകയാണെന്ന സത്യം മറക്കാതിരിക്കണം. മദ്യപാനം അപ മാനകരവും, മദ്യപിക്കാതിരിക്കുന്നത് അഭിമാനകരവുമാണെന്ന ചിന്താ ഗതി പുത്തൻ തലമുറയ്ക്ക് കൊടുക്കണം.

മേൽപ്പറഞ്ഞവയുടെ പശ്ചാത്തലത്തിൽ നാം ചെയ്യേണ്ടകാര്യങ്ങൾ ഇപ്രകാരം സംഗ്രഹിക്കാൻ സാധിക്കും:

1. മദ്യം ഉപയോഗിക്കാതിരിക്കുക. ആദ്യ പെഗ് എടുക്കാതിരിക്കുക.
2. മദ്യമുള്ള ആഘോഷങ്ങൾ നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകാതി രിക്കുക.
3. മദ്യപാനം രോഗമാണെന്നുള്ള കാര്യം കുടുംബാംഗങ്ങൾക്ക് ബോധ്യപ്പെടുത്തികൊടുക്കുക. രോഗിയോടൊന്നപോലെ ലഹരി ക്കടിമപ്പെട്ടവരോട് പെരുമാറുക.
4. മദ്യപാനത്തിൽനിന്നും മാറിനിൽക്കുന്നവർ വീണ്ടും ഉപയോഗിക്കാ തിരിക്കാനുള്ള സാഹചര്യം ഉണ്ടാക്കികൊടുക്കുക.
5. ആൽക്കഹോളിക് അനോണിമസ് (എ.എ.) ഗ്രൂപ്പുകൾ, പ്രാർത്ഥ നാഗ്രൂപ്പുകൾ ഇവയിലേയ്ക്ക് ലഹരിമോചിതരെ തിരിച്ചുവിടുക.

6. അലസവിനോദങ്ങൾ ഒഴിവാക്കുകയും ക്രിയാത്മക പ്രവർത്തനങ്ങളിൽ വ്യാപരിക്കുകയും ചെയ്യുക.
7. പ്രാർത്ഥനയ്ക്ക് ജീവിതത്തിൽ പ്രാധാന്യം കൊടുക്കുക.
8. കഞ്ചാവു പോലുള്ള ലഹരിവസ്തുക്കൾ മാനസികരോഗത്തിലേയ്ക്ക് വേഗം കൊണ്ടുചെല്ലുമെന്ന് തിരിച്ചറിയുക.
9. മദ്യവ്യവസായികളുടെ പണം സ്വീകരിക്കാതിരിക്കുക.

നമ്മെ സംബന്ധിച്ചിടത്തോളം മദ്യവിരുദ്ധ പ്രവർത്തനങ്ങൾ സാമൂഹ്യ പ്രവർത്തനം മാത്രമല്ല വലിയൊരു പ്രേഷിത പ്രവർത്തനം കൂടിയാണ്. പ്രേഷിത പ്രവർത്തനത്തിന് വേണ്ടത് ദൈവകൃപയാണ്. പ്രാർത്ഥനയിലൂടെയാണല്ലോ ദൈവ കൃപ നമ്മിലേയ്ക്ക് ഒഴുകുന്നത്. വിമോചനത്തിന്റെ സദ്വാർത്തയുമായി ലോകത്തിലേക്ക് വന്ന ഈശോയുടെ കരങ്ങളിലേക്ക് മദ്യത്തിനും, മയക്കുമരുന്നിനും, പുകവലിക്കും അടിമകളായ നമ്മുടെ സഹോദരങ്ങളെ സമർപ്പിച്ചുകൊണ്ട് അവരെയെല്ലാം ഈ ബന്ധനങ്ങളിൽനിന്ന് മോചിപ്പിക്കണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം. അവരുടെ തകരുന്ന കുടുംബങ്ങളെയും നിരാശരായി കഴിയുന്ന മാതാപിതാക്കളെയും വേദനിച്ചുകഴിയുന്ന ഭാര്യമാരെയും ആശങ്കയിൽ കഴിയുന്ന കുഞ്ഞുങ്ങളെയും പ്രത്യേകം അനുഗ്രഹിക്കണമെയെന്നും നമ്മുക്ക് പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

---

NB: ഈ ഇടയലേഖനം **2014 ഫെബ്രുവരി 9 -ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

Prot. No. 2267/2013

# സർക്കുലർ
# 21-ാം സീറോ മലബാർ മെത്രാൻ സിനഡ്

2013 ആഗസ്റ്റ് 19 മുതൽ 31 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാ കേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 21-ാമത് സിനഡിന്റെ രണ്ടാം സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച് ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത പുറപ്പെടുവിക്കുന്ന സർക്കുലർ.

**ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരി സഹോദരന്മാരേ,**

സീറോ മലബാർ സഭയുടെ 21ാം സിനഡിന്റെ രണ്ടാം സെഷൻ 2013 ആഗസ്റ്റ് 19 മുതൽ 31 വരെ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങളേവരെയും സന്തോഷപൂർവ്വം ഞാൻ അറിയിക്കുന്നു. അതു സംബന്ധിച്ച് ഏതാനും കാര്യങ്ങൾ നിങ്ങളുമായി ഞാൻ പങ്കുവയ്ക്കുകയാണ്. ആകെ 47 മെത്രാന്മാർ സിനഡിൽ പങ്കെടുക്കുകയുണ്ടായി. കൂടാതെ നമ്മുടെ സഭയിലെ രണ്ട് നിയുക്ത മെത്രാന്മാരും ഭാഗികമായി പങ്കെടുത്തു. നമ്മുടെ സഭയ്ക്കു പുതിയ രണ്ട് മെത്രാന്മാരെ ലഭിച്ചിരിക്കുന്ന കാര്യം സന്തോഷപൂർവ്വം നമുക്ക് അനുസ്മരിക്കാം. ജഗദൽപൂർ മിഷൻ രൂപതയുടെ പുതിയ മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കൊല്ലമ്പറമ്പിൽ സി. എം. ഐ. യും, എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായമെത്രാൻ മാർ ജോസ് പുത്തൻ വീട്ടിലുമാണ് പുതിയ മെത്രാന്മാർ. പുതിയ ഇടയന്മാരെ സഭയ്ക്കു നല്കിയ ദൈവത്തിനു നമുക്കു നന്ദി പറയാം; അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. ജഗദൽപൂർ രൂപതയുടെ മെത്രാൻ അഭിവന്ദ്യ സൈമൺ സ്റ്റോക്ക് പാലത്ര സി. എം. ഐ. യും, എറണാകുളം അങ്കമാലി അതിരൂപതയുടെ സഹായ മെത്രാൻ അഭിവന്ദ്യ മാർ തോമസ് ചക്യാത്തും വിരമിച്ച സാഹചര്യത്തിലാണ് പുതിയ മെത്രാന്മാർ നിയമിതരായിരിക്കുന്നത്. ഔദ്യോഗികമായ ഇടയശുശ്രൂഷയിൽ നിന്നു വിരമിച്ച അഭിവന്ദ്യ പിതക്കന്മാരെ നമുക്ക് നന്ദി പൂർവ്വം ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. നമ്മുടെ സഭയിൽനിന്ന് എറാണാകുളം-അങ്കമാലി അതിരൂപതയിൽപ്പെട്ട രണ്ട് വൈദികർ ലത്തീൻ സഭയിലെ എത്യോപ്യയിലും ദിഫുവിലും മെത്രാന്മാരായി നിയമിക്കപ്പെട്ട കാര്യവും അഭിമാന പൂർവ്വം അറിയിക്കട്ടെ. അവർ അഭിവന്ദ്യ വർഗ്ഗീസ് തോട്ടൻകരയും അഭിവന്ദ്യ പോൾ മറ്റെക്കാട്ടുമാണ്. അവരെയും നമുക്ക് പ്രാർത്ഥനയിൽ ഓർക്കാം.

**തെയദോറിന്റെ കൂദാശക്രമം**

പതിവുപോലെ സിനഡിന്റെ ആദ്യ ദിവസം ഉച്ചവരെയുള്ള സമയത്ത് മെത്രാന്മാർ ഒത്തു ചേർന്ന് പ്രാർത്ഥിച്ചും ധ്യാനിച്ചും വിശുദ്ധ കുർബ്ബാന അർപ്പിച്ചും

ആത്മീയമായി ഒരുങ്ങിയാണ് സിനഡിന്റെ പ്രവർത്തനങ്ങളിലേക്ക് പ്രവേശിച്ചത്. അംഗീകാരത്തിനായി റോമിൽ സമർപ്പിച്ചിരുന്ന സീറോ മലബാർ സഭയിലെ രണ്ടാമത്തെ അനാഫൊറയായ 'തിയദോറിന്റെ കൂദാശ'യുടെ മലയാള ടെക്സ്റ്റിന് അംഗീകാരം ലഭിച്ച കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു. ഈ അനാഫൊറ നമ്മുടെ സഭയിൽ പ്രാബല്യത്തിൽ ആക്കിയിരിക്കുന്നു എന്ന വിവരവും അറിയിക്കുന്നു. സിനഡിന്റെ ആദ്യ ദിവസമായ ആഗസ്റ്റ് 19-ാം തീയതി മേജർ ആർച്ചുബിഷപ്പിന്റെ മുഖ്യ കാർമ്മികത്വത്തിൽ സിനഡ് പിതാക്കന്മാർ 'തിയദോറിന്റെ കൂദാശ' ഉപയോഗിച്ച് വിശുദ്ധ കുർബ്ബാന അർപ്പിച്ച് അതിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നടത്തി. നമ്മുടെ സഭയുടെ പുരാതന പാരമ്പര്യം അനുസരിച്ച് മംഗളവാർത്താക്കാലാരംഭം മുതൽ ഓശാനഞായറാഴ്ച വരെയുള്ള ആരാധനാവത്സര കാലഘട്ടങ്ങളിലാണ് 'തിയദോറിന്റെ കൂദാശ 'ഉപയോഗിച്ചിരുന്നതെങ്കിലും മറ്റവസരങ്ങളിലും ഉപയോഗിക്കാമെന്ന തീരുമാനമാണ് സിനഡ് സ്വീകരിച്ചിരിക്കുന്നത്. റോമിൽ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടിരുന്ന പള്ളിക്കൂദാശ, ദപ്പായുടെ കൂദാശ, പള്ളിയുടെ പുന:പ്രതിഷ്ഠ ഇവയുടെ ടെക്സ്റ്റുകൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട് എന്ന വിവരവും സന്തോഷപൂർവ്വം അറിയിക്കുന്നു.

അടുത്ത ആരാധനാ വത്സരാരംഭം മുതൽ ഉപയോഗിക്കുന്നതിനു വിശുദ്ധ കുർബ്ബാനയിലെ വേദപുസ്തക വായനകൾ പഴയനിയമം, സുവിശേഷം, ലേഖനങ്ങൾ എന്നിങ്ങനെ വേർതിരിച്ച് മൂന്ന് പ്രഘോഷണ ഗ്രന്ഥങ്ങൾ (Lectionaries) തയ്യാറായിക്കൊണ്ടിരിക്കുന്നു. പ്രവേശക കൂദാശകൾ ഒന്നിച്ചു സ്വീകരിക്കുന്ന സഭയിലെ പുരാതനരീതി പുനസ്ഥാപിച്ച സാഹചര്യത്തിൽ, ശിശുപ്രായത്തിൽ ഈ കൂദാശ സ്വീകരിച്ച കുട്ടികൾക്ക് തിരിച്ചറിവിന്റെ പ്രായമാകുമ്പോൾ അനുരഞ്ജന കൂദാശക്കു നന്നായി ഒരുക്കിയും വിശുദ്ധ കുർബ്ബാനയെക്കുറിച്ച് പഠിപ്പിച്ചും ആഘോഷമായി അനുരഞ്ജന കൂദാശയും വിശുദ്ധ കുർബ്ബാനസ്വീകരണവും നടത്തേണ്ടതാണന്ന് സിനഡ് നിർദ്ദേശിക്കുന്നു.

**കല്യൺ രൂപതയുടെ രജതജൂബിലി**

നമുക്കെല്ലാവർക്കും വളരെ സന്തോഷവും പ്രചോദനവും നല്കുന്ന കാര്യമാണ്, നമ്മുടെ സഭയിൽ നിന്നുള്ള പ്രവാസി മക്കൾക്കുവേണ്ടി സ്ഥാപിതമായ കല്യാൺ രൂപത 25 വർഷം പൂർത്തിയാക്കിയിരിക്കുന്നു എന്നത്. ബോംബെ, പൂന, നാസിക്ക് പ്രദേശങ്ങളിൽ ചിതറിപാർത്തിരുന്ന സീറോ മലബാർ സഭാമക്കളെ സഭാത്മകമായി ഒരുമിച്ച് ചേർക്കുവാനും വളർത്തുവാനും കല്യാൺ രൂപതയുടെ പ്രവർത്തനങ്ങൾക്കു സാധിച്ചു. കല്യാൺ രൂപതയുടെ വളർച്ചക്കുവേണ്ടി നേതൃത്വം നല്കി പ്രയത്നിച്ച പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെയും ഇപ്പോഴത്തെ മെത്രാൻ മാർ തോമസ് ഇലവനാൽ പിതാവിന്റെയും വിലപ്പെട്ട സേവനങ്ങളെ ഈ അവസരത്തിൽ നമുക്ക് കൃതജ്ഞതയോടെ സ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിനെയും പൗരോഹിത്യ സുവർണ്ണ ജൂബിലിയും മെത്രാഭിഷേക രജതജൂബിലി ആഘോഷിക്കകയും 75 വയസ്സ് പൂർത്തിയാക്കുകയും ചെയ്യുന്ന തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ ജോർജ്ജ് വലിയമറ്റം പിതാവിനെയും സിനഡ് ആദരിക്കുകയുണ്ടായി. ഇരുവർക്കും നമുക്ക് പ്രാർത്ഥനാശംസകൾ നേരാം.

**പ്രവാസി മക്കളുടെ അജപാലനം**

സീറോ മലബാർ രൂപതക്കു പുറത്ത് ഇന്ത്യയിലും വിദേശ രാജ്യങ്ങളിലുമായി വസിക്കുന്ന സീറോ മലബാർ വിശ്വാസികളായ ലക്ഷക്കണക്കിനു പ്രവാസി മക്കൾക്കു ലഭിക്കേണ്ട അജപാലനശുശ്രൂഷയുടെ കാര്യം സിനഡിന്റെ ശ്രദ്ധയിൽ എന്നുമുള്ളതാണ്. ഇക്കഴിഞ്ഞ സിനഡിലും ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. സാധ്യമായ സ്ഥലങ്ങളിലെക്കെ നമ്മുടെ വൈദികർ നിയോഗിക്കപ്പെട്ടിട്ടുണ്ട്. പലയിടത്തും പരിമിതമായ രീതിയിൽ മാത്രമെ നമുക്ക് പ്രവർത്തിക്കാൻ ഇപ്പോൾ നമ്മുക്ക് സാധിക്കുന്നുള്ളൂ. ചില സ്ഥലങ്ങളിൽ ഒന്നും തന്നെ ചെയ്യാൻ ഇപ്പോഴത്തെ സാഹചര്യങ്ങൾ അനുവദിക്കുന്നില്ല. നമ്മുടെ സഭാ മക്കൾ എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം ഉചിതമായ അജപാലനശുശ്രൂഷ അവർക്കു ലഭ്യമാക്കുന്നതിനു ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. ലോകമെങ്ങുമുള്ള സഭാമക്കളെ ഒരു കുടക്കീഴിൽ അണിനിരത്താനുള്ള അത്മായ കമ്മീഷന്റെ പ്രവർത്തനങ്ങൾ വളരെ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ടെന്നുള്ളത് സന്തോഷപൂർവ്വം ഓർമ്മിക്കുന്നു. നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഇക്കാര്യത്തിലുണ്ടാവണം. പ്രതികൂല സാഹചര്യങ്ങളിലും മാതൃസഭയോടും അവളുടെ വിശ്വാസ പാരമ്പര്യങ്ങളോടുമുള്ള സ്നേഹവും വിശ്വസ്തതയും കൈവെടിയാതിരിക്കാൻ പ്രവാസി മക്കൾ ശ്രദ്ധിക്കണം. ക്രമേണ ബുദ്ധിമുട്ടുകളൊക്കെ പരിഹരിക്കാൻ സാധിക്കുമെന്നുള്ള പ്രത്യാശയിൽ ഐക്യത്തോടെ വർത്തിക്കുവാൻ എല്ലാവരും പരിശ്രമിക്കണം. പ്രവാസി മക്കളോട് മാതൃ ഇടവകകൾ നല്ല ബന്ധം പുലർത്താനും അവരുടെ ന്യായമായ ആവശ്യങ്ങൾ വാത്സല്യത്തോടെ ചെയ്തു കൊടുക്കാനും ഇടവക വികാരിമാർ ശ്രദ്ധിക്കണം വിവാഹം പോലുള്ള അവസരങ്ങളിൽ ആവശ്യമുള്ള രേഖകൾ ഹാജരാക്കാൻ പ്രവാസിമക്കളും ശ്രദ്ധിക്കണം. നമ്മുടെ രൂപതകളും ഇടവകകളും ഉള്ള ഇടങ്ങളിൽ നമ്മുടെ വികാരിമാരുടെ രേഖയാണ് കൊണ്ടുവരേണ്ടത്.

**സഭയുടെ പ്രേഷിതചൈതന്യം ഉണർത്തണം**

കഴിഞ്ഞ വർഷം പ്രേഷിതവർഷമായി നമ്മൾ ആചരിക്കുകയുണ്ടായി. നമ്മിലെ പ്രേഷിത ചൈതന്യം ഉണർത്താൻ അതു സഹായിച്ചിട്ടുണ്ട്. വളരെയേറെ പ്രേഷിതബോധവല്ക്കരണം വ്യാപകമായി നടത്താൻ നമ്മുക്ക് കഴിഞ്ഞു.

നമ്മുടെ സഭയിൽ അവശ്യം നിലനിർത്തേണ്ട പ്രേഷിത ചൈതന്യം മന്ദീഭവിക്കാതിരിക്കാൻ നമ്മൾ ജാഗ്രത പുലർത്തണം. വൈദികാർത്ഥികളിൽ ശരിയായ പ്രേഷിതാഭിമുഖ്യം വളർത്താൻ അവരുടെ പരിശീലന കാലഘട്ടത്തിൽ തന്നെ ശ്രദ്ധിക്കണം. നമ്മുടെ സഭക്കു കൂടുതൽ പ്രേഷിത മേഖലകൾ തുറന്നു കിട്ടുന്നതനുസരിച്ചും വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ പരിഗണിച്ചും സഭയിലാകമാനം പ്രേഷിത ചൈതന്യം വളർത്താൻ എല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും വേണം. വിസ്തൃതിയിൽ ഇന്ത്യയുടെ ഏകദേശം അഞ്ചിലൊന്ന് ഭാഗം വരുന്ന പുതിയ ഫരീദാബാദ് രൂപതയിൽ വളരെയേറെ പ്രേഷിതപ്രവർത്തന സാദ്ധ്യതകൾ ഉണ്ടെന്നുള്ള കാര്യം പ്രത്യേകം അനുസ്മരിപ്പിക്കുന്നു. നമ്മുടെ സഭയിൽ നിന്നുള്ള ധാരാളം വൈദികരും സമർപ്പതരും ലോകമെങ്ങും ലത്തീൻ സഭയിൽ അജപാലനശുശ്രൂഷയിലും പ്രേഷിതവേലയിലും ഏർപ്പെട്ടിരിക്കുന്നു എന്നത് സഭയുടെ പ്രേഷിത രംഗത്ത് സീറോ മലബാർ സഭയുടെ വലിയ സംഭാവനയാണ്.

**മിഷൻ ഫണ്ട്**

സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെയും മിഷൻ രൂപതകളെയും സാമ്പത്തികമായി സഹായിക്കുക, സീറോ മലബാർ സഭാമക്കളുടെ മുഴുവൻ പൊതുവായ പങ്കാളിത്തവും പങ്കുവയ്ക്കലും വളർത്തുക. പ്രേഷിതാഭിമുഖ്യം എല്ലാവരിലും ഉളവാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ASSM (Association of Supporters of SM Mission) എന്ന പേരിൽ ഒരു മിഷൻ ഫണ്ട് ശേഖരണ പദ്ധതിക്ക് സിനഡ് രൂപം കൊടുത്തിരിക്കുന്ന കാര്യം എല്ലാവർക്കും അറിവുള്ളതാണല്ലോ. അതിന്റെപ്രവർത്തനങ്ങളും പ്രോത്സാഹനാജനകമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിനോടകം സമാഹരിച്ച ഫണ്ടുകൊണ്ട് നമ്മുടെ മിഷൻ രൂപതകളെ കുറെയൊക്കെ സഹായിക്കാൻ സാധിച്ചു. ഈ നല്ല സംരംഭത്തിന്റെ വിജയത്തിന് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതു സംബന്ധിച്ചു പ്രസിദ്ധീകരിക്കുന്ന ASSM News Letters ഇടവകകളിൽ എത്തിച്ചിട്ടുള്ളതാണ്. അവ ഓരോ കുടുംബത്തിനും ലഭിക്കുവാനുള്ള ക്രമീകരണം ബഹുമാനപ്പെട്ട അച്ചന്മാർ ചെയ്യേണ്ടതാണ്. മിഷൻ ഞായർ, സീറോ മലബാർ മിഷൻ ഞായർ, സഭാദിനം എന്നീ ദിനാചരണങ്ങളുടെ പ്രാധാന്യവും ലക്ഷ്യവും മനസ്സിലാക്കി അത് വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം.

**സമർപ്പിത സഹോദരന്മാരുടെ ദൈവവിളി** (Religious Brotherhood)

സമർപ്പിത സഹോദരന്മാരുടെ ദൈവവിളിയും സഭയിൽ പ്രധാനപ്പെട്ടതാണ്. ദൈവവിളികളുടെ അഭാവം മൂലവും വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതുകൊണ്ടും സമർപ്പിത സഹോദരന്മാരുടെ സമൂഹം ഇന്ന് പ്രതിസന്ധി നേരിടുകയാണ്.അതിനാൽ സഹോദരന്മാരുടെ സമർപ്പിത

ദൈവവിളിയെ നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളിലും ദൈവാരാധനയിലും (Liturgy) സമർപ്പിത സഹോദരന്മാർക്കു എപ്രകാരം പങ്കാളികളാകാം എന്നതിനെക്കുറിച്ച് സിനഡ് ചിന്തിക്കുന്നുണ്ട്.

**സെമിനാരിക്കാരുടെ പരിശീലനം**

വൈദികാർത്ഥികളുടെ പരിശീലനം സഭയ്ക്ക് ഏറ്റവും പ്രാധാന്യമുള്ള കാര്യമാണ്. വിവിധ സെമിനാരികളിൽ പഠിക്കുന്ന നമ്മുടെ വൈദികാർത്ഥികൾക്ക് ഏറ്റവും നല്ല പരിശീലനം നല്കാനും ഉത്തമരായ വൈദികരെ രൂപപ്പെടുത്താനും സിനഡ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. വിവിധ സെമിനാരികളിലെ പരിശീലന പദ്ധതി സിനഡ് വിശദമായി ചർച്ച ചെയ്കയുണ്ടായി. പരിശീലനത്തിനാവശ്യമായ പണം നാം കണ്ടെത്തേണ്ടിയിരിക്കുന്നു. ഇതര ധനസഹായങ്ങൾ ഇപ്പോൾ മിക്കവാറും ഇല്ലാതായിരിക്കുന്നതുകൊണ്ട് ഓരോ രൂപതയിലെയും വൈദികാർത്ഥികളുടെ പരിശീലനച്ചെലവ് അതാതു രൂപതകൾ തന്നെ വഹിക്കേണ്ടിയിരിക്കുന്നു. ദൈവജനശുശ്രൂഷക്കായി വൈദികാർത്ഥികളെ പരിശീലിപ്പിക്കുന്നതിനാവശ്യമായ പണം ദൈവജനത്തിന്റെ തന്നെ സഹകരണത്തിലൂടെ കണ്ടെത്തേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ കഴിവുള്ളവരൊക്കെ സന്മനസ്സോടെ സഹകരിക്കണ മെന്നഭ്യർത്ഥിക്കുന്നു.

**സഭയിലെ സമർപ്പിതസമൂഹങ്ങൾ**

സന്ന്യസ്തരും സമർപ്പിതരുമായ വലിയൊരു സമൂഹം നമ്മുടെ സഭയിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ദൈവം സഭയ്ക്കു നല്കിയിരിക്കുന്ന വിലപ്പെട്ട ദാനമാണ് ഈ സമർപ്പിത ദൈവവിളികൾ വിവിധ മേഖലകളിൽ അവർ ചെയ്യുന്ന സേവനങ്ങൾ സഭയ്ക്ക് വലിയ മുതൽക്കൂട്ടാണ്. നമ്മുടെ സഭയിൽ സേവനം ചെയ്യുന്ന സമർപ്പിതസമൂഹങ്ങളുടെ ജനറൽ സുപ്പീരിയേഴ്സിനെപല ഗ്രൂപ്പുകളിലായി ഞാൻ കാണുകയുണ്ടായി. ഈ കൂടിക്കാഴ്ച്ചകളും ചർച്ചകളും വളരെ പ്രയോജനകരമായിരുന്നു. സമർപ്പിത സമൂഹങ്ങൾ തമ്മിലും, സമർപ്പിതരും സഭാധികാരികളും തമ്മിലും സഭാത്മകമായ നല്ല ബന്ധവും കൂട്ടായ്മയും ആഴപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഞങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. സന്ന്യസ്തരും ഇടവകവൈദികരും തമ്മിൽ ഹൃദ്യമായ ബന്ധം പുലർത്തണം. സമർപ്പിതസമൂഹങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം നല്ല ദൈവവിളികളുടെ അഭാവമാണ്. അതു പരിഹരിക്കാൻ എല്ലാവരുടെയും പ്രാർത്ഥനയും പ്രോത്സാഹനവും ആവശ്യമാണ്. അന്യ സംസ്ഥാനങ്ങളിൽ കഴിയുന്ന നമ്മുടെ സഭയിൽനിന്നുള്ള പ്രവാസികൾക്കും കേരളത്തിലെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കും ഉചിതമായ അജപാലനശുശ്രൂഷ നല്കുന്ന കാര്യത്തിൽ സമർപ്പിത സമൂഹങ്ങളുടെ സഹകരണം ഞാനഭ്യർത്ഥിക്കുന്നു.

**ചില സാമൂഹിക പ്രശ്നങ്ങൾ**

സമൂഹം നേരിടുന്ന ഗൗരവമേറിയ ചില പ്രശ്നങ്ങൾ സിനഡ് ചർച്ച ചെയ്യുകയുണ്ടായി. വർദ്ധിച്ചുവരുന്ന അക്രമവാസന, മാദ്ധ്യമങ്ങളുടെ അമിത സ്വാധീനം. കുടുംബവും ലൈഗീക ജീവിതത്തിലെ പാളിച്ചകളും, അഴിമതി തുടങ്ങിയവയാണ് സിനഡ് പരിഗണിച്ചത്. കൂടാതെ വർഗ്ഗീയ വികാരവും സമൂഹത്തിൽ ശക്തി പ്രാപിക്കുന്നു. ഈ സാഹചര്യത്തിൽ വിവിധ മതവിഭാഗങ്ങളുമായുള്ള നല്ല ബന്ധം വളർത്തിയെടുക്കേണ്ടതുണ്ട്. വിവിധ സഭകൾ തമ്മിലും ഐക്യവും പരസ്പര ധാരണയും ഉണ്ടാവണം. ഇടവക-പ്രാദേശിക തലങ്ങളിൽ അതിനു സഹായകരമായ വേദികൾ രൂപപ്പെടുത്തിയെടുക്കുവാൻ പ്രത്യേകം പരിശ്രമിക്കമണം. സഭയുടെ യുവമക്കൾ ഭൂരിപക്ഷവും വിദേശങ്ങളിലേയ്ക്ക് പോകുന്ന സാഹചര്യം സ്വദേശത്ത് സഭയെ ബലഹീനയാക്കുന്നുണ്ട്. ജനസംഖ്യ കുറഞ്ഞുവരുന്നതും ഭാവിയിൽ വലിയ പ്രത്യാഘാതങ്ങൾ ഉളവാക്കും. സഭയിലും സമൂഹത്തിലും അല്മായരുടെ ക്രിയാത്മകമായ പങ്കും നേതൃത്വവും വളർത്തേണ്ടതുണ്ട്. സഭയോട് വിശ്വസ്തത പുലർത്തുന്ന അല്മായ നേതൃത്വം ഉണ്ടാവണം. അതിനു സഭാ നേതൃത്വം അല്മായർക്ക് പ്രോത്സാഹനം നല്കണം.

**ധ്യാനകേന്ദ്രങ്ങളും ധ്യാനപ്രസംഗകരും**

വിവിധ ധ്യാനകേന്ദ്രങ്ങളിലെ ധ്യാനപരിപാടികളും ബൈബിൾ കൺവൻഷനുകളും വിശ്വാസികളുടെ ആത്മീയ ജീവിതത്തിനു ഉണർവും ഉത്തേജനവും നല്കുന്നു എന്നത് നിഷേധിക്കാനാവില്ല. എങ്കിലും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ സിനഡ് ചൂണ്ടിക്കാണിക്കുകയുണ്ടായി. ധ്യാനങ്ങളെയും കൺവൻഷനുകളെയും വൻ പരിപാടികളായി അവതരിപ്പിച്ച് പരസ്യങ്ങളിലൂടെ ആൾക്കൂട്ടങ്ങളെ ആകർഷിക്കാനുള്ള അമിതാവേശവും, ഭയപ്പാടും അന്ധവിശ്വാസങ്ങളും വളർത്തുന്ന ചില പ്രവണതകളും വർജ്ജിക്കേണ്ടതാണ്. ഓരോ രൂപതയിലുമുള്ള ധ്യാനകേന്ദ്രങ്ങളുടെമേലും ധ്യാനപ്രസംഗകരുടെമേലും അതാതു രൂപതാദ്ധ്യക്ഷന്മാർക്ക് നിയന്ത്രണമുണ്ടാകണ മെന്നും യോഗ്യരായ വൈദികരുടെ മേൽനോട്ടത്തിൽ മാത്രമേ ധ്യാനടീമുകളെ അനുവദിക്കാവു എന്നും സിനഡ് നിർദ്ദേശിച്ചു. ദൈവശാസ്ത്ര വ്യാഖ്യാനങ്ങളിലും ആരാധനാനുഷ്ഠാനങ്ങളിലും വ്യതിചലനങ്ങൾ വരാതെ സൂക്ഷിക്കണം. സഭയുടെ പ്രബോധനങ്ങളോട് പൂർണ്ണവിശ്വസ്തത പുലർത്താൻ വചനപ്രഘോഷകരും ധ്യാനഗുരുക്കന്മാരും ശ്രദ്ധിക്കണം. ഇടവക കേന്ദ്രീകൃതമായ വിശ്വാസജീവിതത്തെയാണ് നമ്മൾ പരിപോഷിപ്പിക്കേണ്ടത്. ദൈവവചനാനുഭവത്തിനുവേണ്ടിയുള്ള ആളുകളുടെ ദാഹത്തെ തൃപ്തിപ്പെടുത്താനും ശരിയായ ആത്മീയോപദേശങ്ങൾ ലഭിക്കാനും ഇടവകകളിൽ തന്നെ അവസരമുണ്ടാകണം. ഇടവകകളിൽ ശുശ്രൂഷചെയ്യുന്ന വൈദികർ അതിനു സജ്ജരാകണം.

**വനിതാഫോറം**

സിനഡ് സമ്മേളനത്തിനിടയ്ക്ക് ദേശീയ വനിതാഫോറത്തിന്റെ ഒരു സമ്മേളനം മൗണ്ട് സെന്റ് തോമസിൽ വച്ച് നടക്കുകയുണ്ടായി. വിവിധ രൂപതകളിൽ നിന്നും പ്രവാസി സമൂഹങ്ങളിൽ നിന്നുമുള്ള 500 ഓളം വനിതാ പ്രതിനിധികൾ സംബന്ധിച്ച പ്രസ്തുത സമ്മേളനം ഏറെ ശ്രദ്ധേയമായി. സ്ത്രീകളും സമൂഹവും ഇന്നു നേരിടുന്ന വെല്ലുവിളികൾ സമ്മേളനത്തിൽ ചർച്ചാ വിഷയമായി. വനിതാഫോറത്തിന്റെ ഡയറക്ടറി സമ്മേളനത്തിൽവച്ച് പ്രകാശനം ചെയ്തു. വനിതാഫോറത്തിന്റെ പ്രവർത്തനങ്ങൾ വളരെ നന്നായി നടക്കുന്നതിൽ സിനഡു പിതാക്കന്മാർ സംതൃപ്തി പ്രകടിപ്പിച്ച കാര്യം സന്തോഷപൂർവ്വം അനുസ്മരിക്കുന്നു. വനിതാഫോറത്തിന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം വഹിക്കുന്നവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

**പാലയൂർ തീർത്ഥാടനം**

വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി സിനഡ് പിതാക്കന്മാർ തോമ്മാശ്ലീഹാ സ്ഥാപിച്ച സപ്തദൈവാലയങ്ങളിലൊന്നും തീർത്ഥാടനകേന്ദ്രവുമായ പാലയൂരിലേക്കും ഒല്ലൂരിൽ വാഴ്ത്തപ്പെട്ട എവുപ്രാസിയാമ്മയുടെ കബറിടത്തിങ്കലേക്കും നടത്തിയ തീർത്ഥാടനം നല്ലൊരു അനുഭവമായി. തദ്ദേശവാസികളായ വൈദികരുടെയും സന്യസ്തരുടെയും അല്മായരുടെയും കൂട്ടായ്മയും വിശ്വാസവും പ്രകടമാക്കിയ സംഭവമായിരുന്നു അവരുടെ സാനിധ്യവും സജ്ജീകരണങ്ങളും.

**CBCI ജനറൽ ബോഡി**

രണ്ടുവർഷത്തലൊരിക്കൽ സമ്മേളിക്കുന്ന ഇന്ത്യയിലെ കത്തോലിക്കാ മെത്രാന്മാരുടെ പൊതുസമ്മേളനം പാലായിൽ വച്ച് അടുത്ത ഫെബ്രുവരി 5 മുതൽ 12 വരെയുള്ള തീയതികളിൽ നടക്കുന്ന വിവരം അറിയിക്കുന്നു. "സമൂഹത്തിന്റെ നവീകരണത്തിനു നവീകരിക്കപ്പെട്ട സഭ" (Renewed Church for a Renewed Society) എന്നതാണ് സമ്മേളനത്തിന്റെ മുഖ്യ ചർച്ചാവിഷയം. സമ്മേളനത്തിന്റെ വിജയത്തിനായി എല്ലാവരുടെയും പ്രാർത്ഥന ഞാനഭ്യർത്ഥിക്കുന്നു.

**കമ്മീഷനുകളുടെ പ്രവർത്തന റിപ്പോർട്ട്**

മെത്രാന്മാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്മീഷനുകളാണ് സീറോമലബാർ സഭയിലെ വിവിധങ്ങളായ അജപാലനപ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അവയെ ഏകോപിപ്പിക്കുന്നത്. കമ്മീഷനുകളുടെ ആഭിമുഖ്യത്തിൽ നടന്ന ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ സിനഡിൽ അവതരിപ്പിക്കുകയും അവയെക്കുറിച്ചുള്ള ചർച്ചകളും വിലയിരുത്തലുകളും നടത്തുകയും ചെയ്തു. മതബോധനക്കമ്മീഷന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച പാഠപ്പുസ്തകങ്ങളാണ് മതബോധന ക്ലാസുകളിൽ നാം ഉപയോഗിക്കുന്നത്. 'മാതാപിതാക്കളും വിശ്വാസ

പരിശീലനവും' എന്നൊരു പുസ്തകം മാതാപിതാക്കളുടെ ഉപയോഗത്തിനായി അടുത്ത കാലത്ത് പ്രസിദ്ധീകരിക്കുകയുണ്ടായി. മുതിർന്നവരുടെ വിശ്വാസപരിശീലനവും സിനഡ് ചർച്ച ചെയ്തു.

ഇന്ത്യയിലും വിദേശത്തുമായി കഴിയുന്ന പ്രവാസികളായ സീറോമലബാർ മക്കൾക്കു നല്കേണ്ട അജപാലനശുശ്രൂഷയുടെ കാര്യം സിനഡ് ഗൗരവപൂർവ്വം പരിഗണിക്കുകയുണ്ടായി. വിവിധ പ്രവാസി കേന്ദ്രങ്ങൾ സന്ദർശിച്ച് നേരിട്ട് കാര്യങ്ങൾ മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞു. പ്രവാസികൾക്കുവേണ്ടിയുള്ള കമ്മീഷന്റെ ചെയർമാനും സെക്രട്ടറിയും പ്രവാസികേന്ദ്രങ്ങൾ സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തി. പ്രവാസികളുടെ അജപാലനകാര്യത്തിൽ ഇനിയും ഏറെ പരമിതികൾ നിലനില്ക്കുകയാണ്. ക്രമേണ അവയ്ക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു. ഗൾഫ് പ്രവാസികളുടെ സമ്മേളനം, ആഗോള പ്രവാസി സംഗമം, പ്രവാസി ഡയറക്ടറിയുടെ പ്രസിദ്ധീകരണം തുടങ്ങിയവ ഈ വർഷം കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന ചില പ്രധാനസംഭവങ്ങളാണ്.

ജൂബിലി ആഘോഷിക്കുന്ന വൈദികരുടെ സമ്മേളനം, നവവൈദികസംഗമം, മൈനർ സെമിനാരി പരിശീലകർക്കുവേണ്ടിയുള്ള പരിശീലനം എന്നിവ വൈദികർക്കു വേണ്ടിയുള്ള കമ്മീഷന്റെ നേതൃത്തിൽ നടക്കുകയുണ്ടായി. രൂപതാ വൈദികരും, സന്യാസവൈദികരും സന്യാസിനികളും അല്മായരും ചേർന്നുള്ള സമ്മേളനങ്ങളും സംഭാഷണങ്ങളും അജപാലനശുശ്രൂഷയുടെ കാര്യക്ഷമതയ്ക്ക് സഹായകമാകുമെന്ന് കരുതുന്നു. സന്യാസസമർപ്പിത സമൂഹങ്ങൾ ചെയ്യുന്ന വിലപ്പെട്ട സേവനങ്ങൾ സിനഡ് നന്ദിപൂർവ്വം അനുസ്മരിച്ചു. ഹയരാർക്കിയും സന്യസ്തരും സഹകരിച്ച് പ്രവർത്തിക്കുന്നതിനെക്കുറിച്ചും സിനഡ് ചർച്ച ചെയ്തു. ബന്ധപ്പെട്ട കമ്മീഷൻ ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നു.

സഭയിൽ വിശ്വാസപരവും സൈദ്ധാന്തികവുമായ കാര്യങ്ങൾ എപ്രകാരം കൈകാര്യം ചെയ്യപ്പെടുന്നു എന്നറിയാനും വിലയിരുത്താനുമായി സൈദ്ധാന്തിക കമ്മീഷൻ രൂപതകളിൽ നടത്തിയ സന്ദർശനങ്ങൾ ഏറെ ഫലപ്രദമായിരുന്നു. വിശ്വാസികൾക്കു ശരിയായ ബോധവല്ക്കരണം നല്കാനും ചില വ്യതിചലനങ്ങളും അന്ധവിശ്വാസങ്ങളും അബദ്ധചിന്തകളും ഇല്ലാതാക്കുന്നതിനു ആവശ്യമായ നടപടികളും മുൻകരുതലുകളുമെടുക്കുന്നതിനും ഈ സന്ദർശനങ്ങൾ ഉപകരിക്കുകയുണ്ടായി.

എക്യുമെനിക്കൽ കമ്മീഷന്റെ ആഭിമുഖ്യത്തിലുള്ള സഭൈക്യപ്രവർത്തനങ്ങൾ, ലോകമാസകല മുള്ള സീറോമലബാർ വിശ്വാസികളുടെ കൂട്ടായ്മ വളർത്താനുള്ള അല്മായ കമ്മീഷന്റെ വിപുലമായ സംരഭങ്ങൾ, സീറോമലബാർ മിഷൻ സംബന്ധിച്ച കാര്യങ്ങൾ, ഉന്നതവിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, ദീപിക ദിനപ്പത്രം, ഇന്റർനെറ്റ് മിഷൻ, ലിറ്റർജി ഗവേഷണകേന്ദ്രത്തിന്റെ

പ്രവർത്തനങ്ങൾ, സഭാ കോടതിയുടെ പ്രവർത്തനങ്ങൾ, മറ്റ് പൊതുകാര്യങ്ങൾ എന്നിവയാണ് സിനഡ് ചർച്ച ചെയ്ത മറ്റ് വിഷയങ്ങൾ.

സിനഡിനോടനുബന്ധിച്ച് AKCC യുടെ ഒരു പ്രതിനിധി സമ്മേളനവും നടന്നു. വിവിധ രൂപതകളിൽ നിന്നുള്ള പ്രവർത്തകരും അഭിവന്ദ്യ പിതാക്കന്മാരും സംബന്ധിച്ച ഈ സമ്മേളനം AKCCയുടെ പ്രവർത്തനങ്ങൾ രൂപതാതലത്തിൽ ഊർജ്ജിതപ്പെടുത്തുവാൻ ആഹ്വാനം ചെയ്തു. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

ആഗസ്റ്റ് 31 ശനിയാഴ്ച ഉച്ചയോടു കൂടി രണ്ടാഴ്ച ദീർഘിച്ച സിനഡ് സമ്മേളനം സമാപിച്ചു.

ഈശോയിൽ സ്നേഹപൂർവ്വം

**+ കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2013-ാം ആണ്ട് ഡിസമ്പർ മാസം 1 -ാം തിയതി നൽകപ്പെട്ടത്.

## നവീകൃത സമൂഹനിർമ്മിതിക്ക് നവീകരിക്കപ്പെടേണ്ട സഭ
### കെസിബിസി മാർഗനിർദ്ദേശങ്ങൾ

യേശുവിൽ പ്രിയപ്പെട്ടവരേ,

സാർവത്രിക സഭ വിശ്വാസവർഷം ആചരിച്ചതിന്റെയും നവസുവിശേഷവത്കരണത്തിന്റെയും പശ്ചാത്തലത്തിലാണ് കേരള കത്തോലിക്കാ സഭയുടെ അജപാലനശുശ്രൂഷകൾ നവീകരിക്കുക എന്ന ലക്ഷ്യത്തോടെ "നവീകൃത സമൂഹനിർമ്മിതിക്ക് നവീകരിക്കപ്പെടേണ്ട സഭ" എന്ന വിഷയത്തെ ആസ്പദമാക്കി കെസിബിസി പഠനരേഖ പ്രസിദ്ധീകരിച്ചത്. രൂപതാതലത്തിലും സന്ന്യാസസഭാതലത്തിലും ചർച്ചചെയ്ത പഠനരേഖയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ 2013 ഡിസംബർ 10-ന് പി.ഒ.സി. യിൽ കൂടിയ കേരള സഭയുടെ പൊതു പാസ്റ്ററൽ കൗൺസിലായ കേരള കാത്തലിക് കൗൺസിലും തുടർന്നു നടന്ന കെസിബിസി യോഗവും ചർച്ച ചെയ്യുകയും സഭാശുശ്രൂഷയുടെ നവീകരണത്തിനായി മാർഗനിർദ്ദേശങ്ങൾ നല്കാൻ തീരുമാനിക്കുകയും ചെയ്തു. സുവിശേഷത്തിന്റെ സന്തോഷം ഉൾക്കൊണ്ട് വിശ്വാസ വെളിച്ചത്താൽ പ്രേരിതരായി താഴെക്കൊടുത്തിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ രൂപതാതലത്തിലും സന്ന്യാസസമൂഹതലത്തിലും നടപ്പിലാക്കാൻ പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ**

പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെസിബിസി

1. രൂപതാതലത്തിലും സന്ന്യാസസമൂഹതലത്തിലും കേരള കത്തോലിക്കാസഭയിലെ മൂന്ന് വ്യക്തിഗത സഭകളുടെ കൂട്ടായ്മ പ്രകടമാകുന്ന ഒരുമിച്ചുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ പരിശ്രമിക്കേണ്ടതാണ്. സഭയെയും സമൂഹത്തെയും ജനങ്ങളെയും സംബന്ധിക്കുന്ന പൊതുവിഷയങ്ങളിൽ കേരളത്തിലെ മൂന്നു കത്തോലിക്കാ വ്യക്തിഗതസഭകളും സഹകരിച്ചു പ്രവർത്തിക്കുകയും ഒരേ അഭിപ്രായം പ്രകടമാക്കുകയും വേണം.

2. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ ജീവിതശൈലി, വാക്കുകൾ, ദരിദ്രരോടും രോഗികളോടുമുള്ള പ്രത്യേക പരിഗണന, തെരുവീഥികളിലേക്ക് പോകാനുള്ള ആഹ്വാനം, ലാളിത്യം, കരുണ എന്നിവ എല്ലാ തലങ്ങളിലും പ്രകടമാക്കണം. ആർഭാടവും ധൂർത്തും എല്ലാ കാര്യത്തിലും ഒഴിവാക്കണം. ആളുകളെ വ്യക്തിപരമായി പരിഗണിക്കുന്ന അജപാലനശൈലി എല്ലാ മേഖലകളിലും വളർത്തിയെടുക്കാൻ സഭാശുശ്രൂഷകർ പരിശ്രമിക്കേണ്ടതാണ്.

3. കുട്ടികൾക്കും യുവാക്കൾക്കും വേണ്ടിയുള്ള പ്രവർത്തനം സഭയിൽ ശക്തിപ്പെടുത്തണം. മദ്യപാനം, മയക്കുമരുന്ന്, അശ്ലീലത, തെറ്റായ മീഡിയ ഉപയോഗം എന്നിവയിൽ നിന്ന് അവരെ രക്ഷിക്കാൻ നിരന്തരശ്രമം നടത്തണം. കുടുംബമൂല്യങ്ങൾ, ലൈംഗികത എന്നിവയെക്കുറിച്ച് സ്കൂൾ, കോളേജുതലത്തിൽ ക്ലാസുകൾ നല്കണം. സംഘടനകളിൽ ചേർന്നു പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കണം. അല്മായ സംഘടനകൾ വിശ്വാസപരിശീലനത്തിന് പ്രാമുഖ്യം കൊടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4. വനിതാസംഘടനകളും യുവജനസംഘടനകളും കാലഘട്ടത്തിനൊത്ത വിധത്തിലുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. സംഘടനകൾ, കമ്മീഷനുകൾ എന്നിവയുടെ പ്രവർത്തനത്തിൽ രൂപതയിലും കെസിബിസി തലത്തിലും കോ-ഓർഡിനേഷൻ ഉണ്ടാകണം. കേരളത്തിനു വെളിയിൽ പഠനത്തിനും ജോലിക്കും പോകുന്നവർക്ക് അജപാലനശുശ്രൂഷ ഉറപ്പാക്കണം. സോഷ്യൽ മീഡിയാ വഴി അവർക്ക് ഗൈഡൻസ് കൊടുക്കാൻ വേണ്ടതു ചെയ്യണം.

5. സ്ഥാപനങ്ങൾ സുതാര്യതയോടെ നടത്താൻ പരിശ്രമിക്കണം. ദരിദ്രരോടുള്ള പ്രത്യേക കരുതൽ എല്ലാ സ്ഥാപനങ്ങളിലും പ്രത്യേകിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയിൽ ഉണ്ടാകണം. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം നല്കാൻ പരിശ്രമിക്കണം. ഭൂമി, വീട് എന്നിവ ഇല്ലാത്തവർക്ക് അവയുണ്ടാകുന്നതിന് സഭ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. എല്ലാവർക്കും ആരോഗ്യപരിരക്ഷ ഉറപ്പുവരുത്താൻ സഭാപ്രവർത്തകർക്ക് സാധിക്കണം.

6. സ്ത്രീകളുടെ നേതൃത്വം വളർത്തണം. അവരുടെ സ്ത്രൈണത, ജീനിയസ് എന്നിവ സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് ഉപയോഗിക്കണം. അമ്മമാർ കുട്ടികളിലേക്ക് വിശ്വാസവും മൂല്യവും സംക്രമിപ്പിക്കുന്നതിന് പരിശീലിപ്പിക്കപ്പെടണം. വിഭിന്ന കഴിവുകളുള്ള കുട്ടികൾക്ക് സൗകര്യങ്ങൾ ലഭ്യമാക്കുകയും അവർക്കു പരിഗണന നല്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും വേണം.

7. അല്മായരെ സഭാപ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാക്കണം. സാമൂഹികപ്രശ്നങ്ങളിലും രാഷ്ട്രീയത്തിലും മൂല്യബോധത്തോടെയും പൊതുനന്മ ലക്ഷ്യംവച്ചും അവർ പ്രവർത്തിക്കാനിടയാകണം. വിവിധരംഗങ്ങളിൽ വിദഗ്ധരായവരുടെ സേവനം സഭാകാര്യത്തിൽ ഉപയോഗപ്പെടുത്തണം.

8. പ്രോ-ലൈഫ് പ്രവർത്തനം കാലഘട്ടത്തിന്റെ അടിയന്തരാവശ്യമാണ്. കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളെ ആദരിക്കുക്കാനും അവരുടെ ബുദ്ധിമുട്ടുകളിൽ സഹായകമാകാനും സഭയ്ക്ക് സാധിക്കണം. ജീവന്റെ ദിനവും വാരവും ആഘോഷിക്കണം. വയോജനങ്ങൾക്ക് ഇടവകതലത്തിൽ ഒന്നിച്ചുകൂടാൻ അവസര മുണ്ടാകണം. വൃദ്ധജനങ്ങളെ സ്നേഹത്തോടെ ശുശ്രൂഷിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പുതുതലമുറയെ ബോധവത്കരിക്കാനും കഴിയണം.

9. സഭയുടെ പ്രവർത്തനങ്ങളിൽ കുടുംബ അജപാലനശുശ്രൂഷയ്ക്ക് കൂടുതൽ പ്രാധാന്യം നല്കാൻ പരിശ്രമി ക്കണം. വീടുകളിൽ കുടുംബപ്രാർത്ഥന ദിവസവും നടക്കുന്നെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇടവകകളിൽ ദമ്പതീധ്യാനം, മുതിർന്നവർക്കുള്ള മതബോധനം, തുടർപരിശീലനം എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. എല്ലാ ഇടവകകളിലും സന്ന്യാസസമൂഹങ്ങളുടെ കീഴിൽ ഹോംമിഷൻ പ്രവർത്തനം കൂടുതൽ ഊർജസ്വലമാക്കാൻ പരിശ്രമിക്കേണ്ടതാണ്. ജീവസംക്രമണത്തിൽ ദമ്പതികളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് കുടുംബങ്ങളെ ബോധവത്ക്കരിക്കാനുള്ള പരിശ്രമങ്ങൾ ഉണ്ടാകണം.

10. ലഹരി വിരുദ്ധപ്രവർത്തനങ്ങൾ, പ്രത്യേകിച്ച് മദ്യവിരുദ്ധ പ്രവർത്തനങ്ങൾ, സജീവമാക്കണം. എല്ലാ ഇടവകകളിലും മദ്യവിരുദ്ധസമിതികൾ രൂപീകരിക്കണം. ഇടവകയെ മദ്യവിമുക്ത ഇടവകയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ സജീവമാക്കണം. ഇത്തരം പ്രവർത്തനങ്ങളിലൂടെ ക്രൈസ്തവവിശ്വാസത്തിന് സജീവസാക്ഷ്യം നല്കുന്ന സമൂഹമായി ഇടവകയെ മാറ്റുകയായിരിക്കണം ലക്ഷ്യം. ഡി അഡിക്ഷൻ സെന്ററുകൾ എല്ലാ രൂപതയിലും ഉണ്ടാകണം. മദ്യപന്മാരോടും അവരുടെ കുടുംബങ്ങളോടും വ്യക്തിപരമായ ബന്ധം പുലർത്തി അവരെ ലഹരിയിൽ നിന്ന് മോചിപ്പിക്കാൻ പരിശ്രമിക്കണം.

11. സെക്ടുകളിലേക്കും മറ്റു അന്ധവിശ്വാസങ്ങളിലേക്കും പോകാതെ നമ്മുടെ ജനങ്ങളെ യഥാർത്ഥ വിശ്വാസത്തിൽ നിലനിറുത്താനും ആഴപ്പെടുത്താനുമുള്ള ശ്രമങ്ങൾ ഉണ്ടാകണം. പോയവരെ തിരിച്ചു കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തണം. സാത്താൻസേവപോലുള്ള ഭീകരമായ തിന്മയിലേക്ക് പോകുന്ന പ്രവണതകളെ തിരിച്ചറിയാനും അതിനെതിരെ ശക്തമായ നടപടികൾ കൈക്കൊള്ളാനും സാധിക്കേണ്ടതാണ്. വിശ്വാസം ഉപേക്ഷിച്ചുപോകുന്നവരോട് സൗഹാർദ്ദത യോടെയും കരുണയോടെയും പെരുമാറണം. കുടുംബകൂട്ടായ്മകൾ ശക്തി പ്പെടുത്തി അവയെ വിശ്വാസബോധനവേദികളാക്കണം. സഭാപരവും ആരാ ധനാക്രമപരവുമായ ആധ്യാത്മികത വളർത്തുന്നതിലും ജീവിക്കുന്നതിലും എല്ലാവരും ഉത്സുകത കാണിക്കണം.

12. പാവപ്പെട്ടവരെ സഹായിക്കുന്ന മനഃസ്ഥിതി വിശ്വാസികളിൽ വളർത്തണം. പൊതുനന്മയ്ക്കു വേണ്ടി സംഭാവന ചെയ്യാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കണം. സഭാപ്രവർത്തനങ്ങൾ സ്വാശ്രയത്തിലെ ത്തുന്നതിന് വിശ്വാസികൾ സന്മനസ്സോടും ഉദാരതയോടുംകൂടെ സംഭാവനകൾ നല്കണം. അങ്ങനെ പങ്കുവെയ്ക്കലിന്റെ ജീവിതശൈലി രൂപപ്പെടുത്തണം.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025/14.01.2014/Ref: 2771/K 35/OL/KCBC/DS

---

# തിരുബാലസഖ്യദിനം

**കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കന്മാരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

1. ഫെബ്രുവരിയിലെ രണ്ടാമത്തെ ഞായറാഴ്ചയാണല്ലോ എല്ലാവർഷവും തിരുബാലസഖ്യദിനമായി ആഗോള കത്തോലിക്കാസഭ ആചരിക്കുന്നത്. ബാല്യം മുതലേ ഈശോ മാതാപിതാക്കന്മാർക്ക് വിധേയനായി ജീവിച്ചുവെന്ന കാര്യം ഈ സുദിനത്തിൽ നമ്മുടെയെല്ലാം പരിചിന്തനത്തിനു വിധേയമാകണം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതാദ്ധ്യക്ഷൻ ബിഷപ് ചാൾസ് ഡി ഫോർബിൻ ജാക്സൺ തിരുബാലസഖ്യത്തിന് രൂപം കൊടുക്കുകയും 1922-ൽ 10-ാം പീയൂസ് പാപ്പ, ഇതിനെ പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തുകയും ചെയ്തു. 11-ാം പീയൂസ് മാർപാപ്പ, 1950-ലാണ് ഫെബ്രുവരി രണ്ടാം ഞായറാഴ്ച തിരുബാലസഖ്യദിനമായി ആഗോളസഭ ആചരിക്കണമെന്ന് നിഷ്കർഷിച്ചത്.

2. നസ്രത്തിൽ യൗസേപ്പുപിതാവും പരിശുദ്ധ കന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലിലാണ്. ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. "ശുഭമായ ഭാവിക്കു" വേണ്ടിയുള്ള ദൈവിക പദ്ധതിക്ക് കൂട്ടു നിൽക്കുവാൻ മാതാപിതാക്കന്മാർ ചിലകാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

3. ഒന്നാമത്, കുട്ടികൾ "പാറമേൽ പണിത ഭവനങ്ങൾ" പോലെയാകണം. മാതാപിതാക്കന്മാരുടെ വിശ്വാസ തീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളുടെ ദൃഢമായ സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ സഭാചൈതന്യത്തിൽ ആയിരിക്കുകയും സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബപ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

4. രണ്ടാമത്, ഒരു സമർപ്പണ ചിന്തയാണ്. "വളർത്തുന്നവൻ ദൈവമാണ്" എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടു ചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിതപാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്ന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചുകാണിക്കുകയും അവരെ അതിൽ നിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. "കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത്" എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം.

5. ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോടു ചേർന്ന് അധ്യാപകരും കുട്ടികളെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടനത്തിനു ശേഷമോ, മാതാപിതാക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടിയോ ആവരുത് ഈ തിരഞ്ഞെടുപ്പുകൾ കുട്ടികൾ നടത്തുന്നത്. സമാധാനപൂർണ്ണവും സർഗ്ഗാത്മകവുമായ ഭാവിക്ക് ശരിയായ തിരഞ്ഞെടുപ്പുകൾ ആവശ്യമാണ്.

ഇതിനുസഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞുങ്ങൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഇത് കൂടുതൽ തെളിയേണ്ട സാമൂഹിക സാഹചര്യങ്ങളുമാണ് ഇന്നുള്ളത്.

6. കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകടമേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന വരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗികമായി കുട്ടികളെ ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കന്മാർ നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്. സോഷ്യൽ മീഡിയ യിലൂടെയും ടെലിഫോൺ ഉപയോഗത്തിലൂടെയും കുട്ടികൾ വഴിതെറ്റാതിരിക്കുവാനും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കുവാൻ എല്ലാ മാതാപിതാക്കന്മാരും ശ്രദ്ധിക്കണം.

7. സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും തെറ്റിക്കുന്നതുമായ മേഖലകളിൽ നിന്ന് കുട്ടികളെ ഒഴിവാക്കി നിറുത്തുവാൻ സഭയോടും സഭാതനയരോടും ചേർന്നു നില്ക്കുക, പ്രവർത്തിക്കുക അത്യാവശ്യമാണ്. കുടുംബയൂണിറ്റുകളുടെയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരുമായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന എല്ലാ മാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

8. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ 'തിരുബാല്യ'ത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാ ഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദര ങ്ങളേ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസംഖ്യദിനത്തിൽനമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിൻ മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

2014



# BISHOP'S Engagements

## 2014 February

| | | |
|---|---|---|
| 1 | AM | St. Joseph Monastery, Shornur |
| | PM | Divine Providence Church, Chandranagar |
| 2 | AM | Holy Family Church, Chulliamkulam |
| | PM | Decennial Celebration, Paalana Hospital |
| 3 | PM | St. Ritha's School, Nemmara |
| 5-12 | | CBCI Meeting, Palai |
| 14 | | Jubilee, Mercy College, Palakkad |
| 15 | | St. Joseph Church, Alanallur |
| 16 | | Sulthanpet Church, Palakkad |
| 17 | | Marine Drive, Ernakulam |
| 20 | | Sehion Retreat Centre, Thavalam |
| 22 | PM | St. Bernaditta Church, Vattappara |
| 23 | AM | Holy Trinity Church, Yakkara |
| | PM | Our Lady of Mount Carmel Church, Nelliyampathy |
| 24-25 | | Trimonthly, Yuvakshetra |
| 27 | | Consecration, St. Teresa of Avila Church, Anamooly |

## 2014 March

| | | |
|---|---|---|
| 2 | | Nithyasahaya Matha Church, Mankavu |
| 3 | | Ash Monday, Cathedral |
| 6 | | Sehion Retreat Centre, Thavalam |
| 7 | | Divine Providence Church, Chandranagar |



## From the Bishop's Office

### സുൽത്താൻപേട്ട രൂപത

പാലക്കാട് ജില്ലയിലെ സുൽത്താൻപേട്ട ആസ്ഥാനമാക്കി ലത്തീൻ കത്തോലിക്കാ സഭയുടെ കേരളത്തിലെ 12-ാംമത്തെ രൂപതയുടെ പ്രഖ്യാപനം ഫ്രാൻസിസ്പാപ്പ 2013 ഡിസംബർ 28 ന് ശനിയാഴ്ച റോമിൽ നിർവ്വഹിച്ചു.

കോഴിക്കോട് രൂപതയിൽ നിന്ന് പാലക്കാട് ജില്ലയിലെ അഞ്ചുപള്ളികളും കോയമ്പത്തൂർ രൂപതയിൽ നിന്ന് 16 പള്ളികളും ചേർന്ന് 21 ഇടവകകളാണ് പുതിയ രൂപതയിലുള്ളത്. സുൽത്താൻപേട്ട സെന്റ് സെബാസ്റ്റ്യൻ ദൈവാലയമാണ് രൂപതയുടെ കത്തീഡ്രൽ. തമിഴ്നാട് കടലൂർ ജില്ലയിലെ സതീപേട്ട് സ്വദേശിയാണ് നിയുക്ത ബിഷപ്പ് പീറ്റർ അബിർ അന്തോണിസാമി. 1979 മെയ് 1 ന് ആയിരുന്നു അദ്ദേഹം വൈദിക പട്ടം സ്വീകരിച്ചത്. ദൈവശാസ്ത്രത്തിൽ പി.എച്ച്.ഡി.യുള്ള നിയുക്ത ബിഷപ്പ് കാത്തലിക്ക് ബൈബിൾ ഫെഡറേഷന്റെ സൗത്ത് ഏഷ്യൻ കോർഡിനേറ്റർ ആയിരുന്നു. നിയുക്ത ബിഷപ്പിന്റെ മെത്രാഭിഷേക കർമ്മങ്ങൾ ഫെബ്രുവരി 11 ന് സ്റ്റേഡിയം ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ വെച്ച് നടത്തപ്പെടുന്നതാണ്. പാലക്കാടുള്ള ലത്തീൻ റീത്തിലെ വിശ്വാസികൾക്ക് പുതിയ രൂപതയുടെ ആവീർഭാവത്തോടെ പുത്തൻ ചൈതന്യവും കൂട്ടായ്മയും കൈവരുവാൻ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നിയുക്ത മെത്രാൻ പീറ്റർ അബിർ അന്തോണിസാമിക്കും പുതിയ രൂപതയ്ക്കും പാലക്കാട് രൂപതാ സമൂഹത്തിന്റെ മംഗളാശംസകൾ.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതാ മെത്രാൻ

**സ്മരണാഞ്ജലി**

റവ. ഫാ. വർഗ്ഗീസ്. യു. വാഴപ്പിള്ളി - ഫെബ്രുവരി 13

**ത്രൈമാസ സമ്മേളനം**

ബഹു. വൈദികരുടെ ത്രൈമാസ സമ്മേളനം ഏപ്രിൽ 24, 25 തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽ വെച്ച് നടത്തപ്പെടുന്നതാണ്. എല്ലാ രൂപതാ വൈദികരും സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**തെരട്ടിനെ സംബന്ധിച്ച് :**

1. 2013-2014 സാമ്പത്തിക വർഷത്തിലെ പള്ളിക്കണക്ക് ബിഷപ്പ് ഓഫീസിൽ ഓഡിറ്റുചെയ്യുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെട്ട പുസ്തകങ്ങളും, ബില്ലുകളും, ബാങ്ക് രേഖകളും ഏപ്രിൽ 19 ന് ഏല്പ്പിക്കേണ്ടതാണ്.
2. ഓരോ വർഷവും പുതിയ പുസ്തകത്തിലാണ് നാൾവഴിയും ലെഡ്ജറും തയ്യാറാക്കേണ്ടതെന്ന് മുമ്പ് അറിയിച്ചതിന്റെ പശ്ചാത്തലത്തിൽ 2013-2014 ലെ കണക്ക് നിർബന്ധമായും പുതിയ പുസ്തകത്തിലെഴുതി ഓഡിറ്റിങ്ങിന് സമർപ്പിക്കേണ്ടതാണ്.
3. ഓഡിറ്റർ നിർദ്ദേശിച്ച പ്രകാരം ലെഡ്ജർ പുസ്തകത്തിൽ, തെരട്ടു ഫോറത്തിൽ എഴുതിയ വിധത്തിൽതന്നെ വരവുചെലവുകണക്കും (Receipts & Payements) ധനകടസ്ഥിതിവിവരകണക്കും (Balance Sheet) എഴുതിയിരിക്കണം.

**നിത്യാരാധന കപ്പേള**

മാർച്ച് 2 തിങ്കളാഴ്ച (വിഭൂതി തിരുനാൾ) നിത്യാരാധന കപ്പേളയിൽ വി. കുർബാനയും ആരാധനയും ഉണ്ടായിരിക്കുന്നതല്ല.

## പാലക്കാട് രൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം

(പ്രാബല്യത്തിൽ വരുന്നത് ഫെബ്രുവരി 17, 2014)

**റവ. ഫാ. കാരക്കാട് ക്രിസ്റ്റോ :** അസിസ്റ്റന്റ് വികാരി, സെന്റ് റാഫേൽസ് കത്തീഡ്രൽ, പാലക്കാട്

**റവ. ഫാ. കുറ്റിക്കാടൻ അൽജോ :** അസിസ്റ്റന്റ് ഡയറക്ടർ, ജിം ഓഫ്സെറ്റ് പ്രസ്സ്; വികാരി, ഹോളിഫാമിലി ചർച്ച്, നിരവ്; റിലീവ്ഡ്, നോട്ടറി, രൂപതാ കോടതി.

**റവ. ഫാ. ഉറുകുഴിയിൽ സെബിൻ** : അസിസ്റ്റന്റ് വികാരി, ഹോളിസ്പിരിറ്റ് ഫൊറോന ചർച്ച്, മണ്ണാർക്കാട്.

**റവ. ഫാ. കൊച്ചുതാഴത്ത് അനിൽ എം.എസ് :** റിലീവ്ഡ്, ഹോളി സ്പിരിറ്റ് ഫൊറോന ചർച്ച്, മണ്ണാർക്കാട്.

**റവ. ഫാ. മാപ്രക്കരോട്ട് തോമസ് എം.സി.ബി.എസ് :** അസിസ്റ്റന്റ് വികാരി, സേന്റ് തോമസ് ഫൊറോന ചർച്ച്, കാഞ്ഞിരപ്പുഴ

**റവ. ഫാ. കോട്ടയിൽ നിക്സൺ എം.സി.ബി.എസ് :** റിലീവ്ഡ്, സെന്റ് തോമസ് ഫൊറോന ചർച്ച്, കാഞ്ഞിരപ്പുഴ.

**റവ. ഫാ. ചൊള്ളക്കുന്നേൽ അനീഷ് സി.എം.എഫ് :** അസിസ്റ്റന്റ് വികാരി, സെന്റ് സേവിയേഴ്സ് ഫൊറോന ചർച്ച്, മംഗലംഡാം.

**റവ. ഫാ. പാലുകുന്നേൽ ജോബി സി.എം.എഫ് :** റിലീവ്ഡ്, സെന്റ് സേവിയേഴ്സ് ഫൊറോന ചർച്ച്, മംഗലംഡാം.

**റവ. ഫാ. കുമ്മംകോട്ടിൽ ബിജു :** അസിസ്റ്റന്റ് വികാരി, സെന്റ് ജോർജ്ജ് ചർച്ച്, വചനഗിരി.

**റവ. ഫാ. കാളൻ ധനേഷ് :** വികാരി, സെന്റ് ജോസഫ് ചർച്ച്, നീതിപുരം & ഇൻഫന്റ് ജീസസ്സ് ചർച്ച്, ബാലേശ്വരം (വി.ആർ.ടി.); കപ്ലോൻ, സെന്റ് അൽഫോൻസ ഭവൻ, നീതിപുരം.

**റവ. ഫാ. മലേക്കുടിയിൽ ഷെർജോ :** വികാരി, സെന്റ് മേരീസ് ചർച്ച്, വിമലഗിരി & സെന്റ് ജോസഫ് ചർച്ച് കാഞ്ഞിരപ്പുഴ ഡാം; കപ്ലോൻ, സ്നേഹഗിരി കോൺവെന്റ്, വിമലഗിരി.

**റവ. ഫാ. കാച്ചപ്പിള്ളി ജോബി :** വികാരി, സെന്റ് ആന്റണീസ് ചർച്ച്, കോട്ടായി & ദിവ്യകാരുണ്യ ചർച്ച്, വാലുപറമ്പ്; കപ്ലോൻ, മേരിമാതാ കോൺവെന്റ്, കോട്ടായി.

**റവ. ഫാ. മേച്ചേരി ആൻസൺ :** വികാരി, ഇമ്മാക്കുലേറ്റ് ചർച്ച്, കേരളശ്ശേരി; കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ്, കേരളശ്ശേരി.

**റവ. ഫാ. പെരുമാട്ടിൽ ആന്റണി :** വികാരി, സെന്റ് ജൂഡ് ചർച്ച്, മലമ്പുഴ; കപ്ലോൻ, പ്രൊവിഡൻസ് ഹോം, മലമ്പുഴ

**റവ. ഫാ. മാളിയേക്കൽ ജോർജ്ജ് :** വികാരി, സെന്റ് സെബാസ്റ്റ്യൻ ചർച്ച്, അരപ്പാറ; കപ്ലോൻ, അസീസ്സി നിവാസ്, അരപ്പാറ.

**റവ. ഫാ. തൈക്കാട്ടിൽ ആന്റോ :** ഡയറക്ടർ, ആയുർപാലന ആശുപത്രി, കണ്ണാടി; കപ്ലോൻ, ജെയ് ക്രിസ്റ്റോ കോൺവെന്റ് പാലക്കാട്.

**റവ. ഫാ. കിഴക്കേടത്ത് തോം :** ഡയറക്ടർ, പ്രീസ്റ്റ്സ് ഹോം, ഡയറക്ടർ, മാതൃസംഘം & പിതൃസംഘം.

**റവ. ഫാ. പെരുമ്പിള്ളിൽ റെജി :** റിലീവ്ഡ്, മാതൃസംഘം.

**റവ. ഫാ. തുരുത്തിപ്പിള്ളി ജോർജ്ജ് :** റിലീവ്ഡ്, പിതൃസംഘം.

**റവ. ഫാ. അങ്ങേവീട്ടിൽ ജോസ് :** വികാരി, സെന്റ് ജോസഫ് ചർച്ച്, ശ്രീകൃഷ്ണപുരം; കപ്ലോൻ, സെന്റ് ഡൊമിനിക് കോൺവെന്റ്സ്, ശ്രീകൃഷ്ണപുരം.

**റവ. ഫാ. ചീക്കപ്പാറ ജോയ് :** റിലീവ്ഡ്, സെന്റ് ജോസഫ് ചർച്ച്, ശ്രീകൃഷ്ണപുരം.

**റവ. ഫാ. ചെനിയറ ജോസ് :** വികാരി, സെന്റ് മേരീസ് ചർച്ച്, പാലക്കയം & ഇൻഫന്റ് ജീസസ്സ് ചർച്ച്, വഴിക്കടവ്; കപ്ലോൻ, കാർമ്മൽ ഭവൻ, പാലക്കയം

**റവ. ഫാ. ആളൂർ ജോൺ :** വികാരി, സെന്റ് ജോസഫ് ചർച്ച്, പൊൻകണ്ടം; കപ്ലോൻ, സാൻതോം കോൺവെന്റ്, പൊൻകണ്ടം.

**റവ. ഫാ. പുത്തൂക്കര ജോൺ :** വികാരി, സെന്റ് ജോസഫ് ചർച്ച്, കടമ്പഴിപ്പുറം; കപ്ലോൻ, കാർമ്മൽ ഭവൻ, കടമ്പഴിപ്പുറം.

**റവ. ഫാ. അരിശ്ശേരിൽ തോമസ് :** വികാരി, ഹോളിഫാമിലി ചർച്ച്, ചിറ്റൂർ; നോട്ടറി, രൂപതാ കോടതി; കപ്ലോൻ, സെന്റ് ഫ്രാൻസീസ് & സെറാഫിക് കോൺവെന്റ്സ്, പൊൽപ്പുള്ളി, വിജയമാതാ കോൺവെന്റ്, ചിറ്റൂർ.

**റവ. ഫാ. തോട്ടങ്കര ഫ്രാൻസീസ് :** വികാരി, സെന്റ് ജോസഫ് ചർച്ച്, ജോസ്ഗിരി

**റവ. ഫാ. പാലത്തിങ്കൽ അബ്രഹാം :** വികാരി, സേക്രട്ട് ഹാർട്ട് ചർച്ച്, രാജഗിരി; ഡയറക്ടർ, കർഷക ജാഗ്രതാസമിതി; കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ്, രാജഗിരി.

**റവ. ഫാ. ആന്റു സി. അരിക്കാട്ട്** : താത്ക്കാലിക ലീവ്

**റവ. ഫാ. എടത്തല ജോർജ്ജ് :** വികാരി, ഹോളിസ്പിരിറ്റ് ഫൊറോന ചർച്ച്, മണ്ണാർക്കാട്; കപ്ലോൻ, ഡാമിനിക്കൻ ജനറലേറ്റ്, സെന്റ് ഡോമിനിക്സ് സ്പെഷ്യൽ സ്കൂൾ, സെന്റ് തെരേസ കോൺവെന്റ്, മണ്ണാർക്കാട്, സെന്റ് ഡോമിനിക്സ് നോവിഷ്യേറ്റ് ഹൗസ്, തെങ്കര.

**റവ. ഫാ. കൊള്ളന്നൂർ ജെയ്സൺ :** വികാരി, ലിറ്റിൽ ഫ്ളവർ ചർച്ച്, പൂഞ്ചോല & സെന്റ് തെരേസ ഓഫ് ആവില ചർച്ച്, ആനമൂളി; കപ്ലോൻ, എസ്.ഡി. കോൺവെന്റ് പൂഞ്ചോല.

**റവ. ഫാ. ആലക്കകുന്നേൽ ജോസ് :** വികാരി, സെന്റ് പോൾസ് ചർച്ച്, സ്നേഹഗിരി (കല്ല)(അഡീഷണൽ).

**റവ. ഫാ. മാറാമറ്റം സേവ്യർ :** വികാരി, സെന്റ് മേരീസ് ചർച്ച്, കല്ലേപ്പുള്ളി (അഡീഷണൽ); കപ്ലോൻ, എസ്.ഡി. കോൺവെന്റ്, കൊട്ടേക്കാട്.

**റവ. ഫാ. പനപ്പറമ്പിൽ സജി :** റിലിവ്ഡ്, സെന്റ് മേരീസ് ചർച്ച്, കല്ലേപ്പുള്ളി

**റവ. ഫാ. കളരിക്കൽ ഷിനോജ് :** വികാരി, സെന്റ് ആന്റണീസ് ചർച്ച്, ഷോളയൂർ; കപ്ലോൻ, ദീപ്തി കോൺവെന്റ്, ഷോളയൂർ.

**റവ. ഫാ. കിഴക്കേടത്ത് റോയ് :** റിലിവ്ഡ്, സെന്റ് ആന്റണീസ് ചർച്ച്, ഷോളയൂർ.

**റവ. ഫാ. കുളമ്പിൽ എബിൻ :** അസിസ്റ്റന്റ് വികാരി, സെന്റ് ജോസഫ് ഫൊറോന ചർച്ച്, ഒലവക്കോട്; അസിസ്റ്റന്റ് ഡയറക്ടർ, പി.എസ്.എസ്.പി.

**റവ. ഫാ. കാരിക്കാട്ടിൽ സീജോ :** അസിസ്റ്റന്റ് ഡയറക്ടർ, കെ.സി.വൈ.എം; റിലീവ്ഡ്, പി.എസ്.എസ്.പി.

**റവ. ഫാ. കീറ്റിക്കൽ ആന്റോ :** റിലീവ്ഡ്, കെ.സി.വൈ.എം.

**റവ. ഫാ. ഐക്കര അജി :** വികാരി, ശാന്തിനാഥ ചർച്ച്, പഴമ്പാലക്കോട്.

**റവ. ഫാ. നാല്പ്പതാംകളം സുമേഷ് :** റിലിവ്ഡ്, ശാന്തിനാഥ ചർച്ച്, പഴമ്പാലക്കോട്.

**റവ. ഫാ. വടക്കേക്കര ജോജി :** ഡയറക്ടർ, ചെറുപുഷ്പ മിഷൻ ലീഗ്, റിലീവ്ഡ്, ഹോളിഫാമിലി ചർച്ച്, നിരവ്

**റവ. ഫാ. നിലേഷ് തുരുത്തുവേലിൽ :** വികാരി, ലൂർദ്ദ് മാതാ ചർച്ച്, കോങ്ങാട് (അഡീഷണൽ); കപ്ലോൻ, നിർമ്മല കോൺവെന്റ്, കൊട്ടശ്ശേരി; റിലീവ്ഡ്, ചെറുപുഷ്പ മിഷൻ ലീഗ്

**റവ. ഫാ. പൊൻകാട്ടിൽ ബിനു :** ഡയറക്ടർ, സി.എൽ.സി.

**റവ. ഫാ. കളമ്പാടൻ മാർട്ടിൻ :** റിലീവ്ഡ്, സി.എൽ.സി.

**റവ. ഫാ. നടുവത്താനി ഷൈജു :** ഡയറക്ടർ, മീഡിയ ഓഫ് കമ്മ്യൂണിക്കേഷൻ.

**റവ. ഫാ. കൊച്ചുപറമ്പിൽ ജോസ് :** കപ്ലോൻ, മേരിയൻ പ്രൊവിൻഷ്യൽ ഹൗസ്, മേരിലാന്റ്.

**റവ. ഫാ. കണ്ണമ്പാടത്തിൽ ജോൺസൺ :** കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ്, കണ്ണാടി.

## എപ്പാർക്കിയൽ അസംബ്ലി

**1. വടക്കഞ്ചേരി മേഖല പ്രതിനിധി പഠനക്ലാസ്സ്**

വടക്കഞ്ചേരി മേഖലയിലെ വടക്കഞ്ചേരി, മേലാർക്കോട്, മംഗലഡാം ഫൊറോനകളിലെ ഇടവക പ്രതിനിധികൾക്കായി ഫെബ്രുവരി 8 നു വടക്കഞ്ചേരി പാരിഷ്ഹാളിൽ വച്ച് ഒരു പഠനക്ലാസ്സു നടത്തപ്പെടുന്നു. എപ്പാർക്കിയൽ അസംബ്ലിയുടെ ചർച്ചാവിഷയങ്ങൾ പഠനവിധേയമാക്കുവാൻ വേണ്ടിയാണ് പ്രസ്തുത ക്ലാസ്സ്. രാവിലെ 10 മണിക്ക് ആരംഭിച്ച് 4 മണിക്ക് ക്ലാസ്സ് അവസാനിക്കും.

